## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 1645

11.02.2013 - ലെ മറുപടിയ്ക്ക്

### ന്യൂനപക്ഷ വിഭാഗങ്ങളിലെ വനിതകളുടെ ശാക്തീകരണത്തിനായുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എം.ഷാജി<br>ശ്രീ. എൻ. ഷംസുദ്ദീൻ | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) ന്യൂനപക്ഷ വിഭാഗങ്ങളിലെ വനിതകളുടെ ശാക്തീകരണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ളതും എഴുപത് ശതമാനമെങ്കിലും ന്യൂനപക്ഷ വനിതകൾ അംഗങ്ങളുമായ അംഗീകൃത വനിതാ സ്വയം സഹായ സംഘങ്ങൾ, നൈബർഹുഡ് ഗ്രൂപ്പുകൾ, എൻ.ജി.ഒ.കൾ എന്നിവയിൽ നിന്നും അതാത് പ്രദേശത്തെ വിഭവ സ്രോതസ്സുകൾക്കും വിപണന സാധ്യതകൾക്കും അനുയോജ്യമായതും വിജയ സാധ്യതയുള്ളതുമായ സ്വയം സംരംഭക പദ്ധതികൾ ക്ഷണിക്കുകയും പദ്ധതികൾ പരിശോധിച്ച് തെരഞ്ഞെടുക്കപ്പെടുന്നവയ്ക്ക് പദ്ധതി ചെലവിന്റെ പകുതിയോ, രണ്ടര ലക്ഷം രൂപയോ ഏതാണ് കുറവ് അത് സാമ്പത്തിക സഹായമായി നൽകുന്ന ഒരു പദ്ധതി നിർവ്വഹണഘട്ടത്തിലാണ്. സംസ്ഥാനത്തൊട്ടാകെ ആദ്യഘട്ടത്തിൽ 50 സ്വയംസഹായസംഘങ്ങൾക്ക് സഹായം നൽകാനാണ് വകുപ്പ് ആലോചിക്കുന്നത്. ന്യൂനപക്ഷ ജനസംഖ്യാനുപാതത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകൾക്കും പദ്ധതികൾക്ക് പ്രാതിനിധ്യം നൽകുന്നുണ്ട്. പ്രോജക്ടുകൾ പരിശോധിക്കുന്നതും പരിശീലനം നൽകുന്നതും മേൽനോട്ടം വഹിക്കുന്നതും കുടുംബശ്രീ വഴിയാണ്. ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റിന്റെ നിയന്ത്രണത്തിലും മേൽനോട്ടത്തിലുമായിരിക്കും സ്വയം സഹായ സംഘങ്ങൾ പ്രവർത്തിക്കുക. |
| (ബി) ഇതിനായി നടപ്പ് വർഷം എന്തു തുക നീക്കി വെച്ചിട്ടുണ്ട്; | (ബി) ഇതിനായി നടപ്പ് സാമ്പത്തിക വർഷം ഒരു കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. |
| (സി) കൂടുതൽ തുക വകയിരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | (സി) ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ